# ബുദ്ധദേവിന്റെ കുറ്റസമ്മതം

**ഒടുവിൽ,** നന്ദിഗ്രാം പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ തന്റെ ഗവൺമെന്റിന് ഭരണപരവും രാഷ്ട്രീയവുമായ വീഴ്ചപറ്റിയെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ കുറ്റസമ്മതം നടത്തിയിരിക്കുന്നു. ഡിസംബർ 4-നു ദൽഹിയിൽ ഒരു പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ബുദ്ധദേവ്. നേരത്തേ സി.പി.എമ്മിന്റെ ദേശീയ നേതാക്കളിൽ ചിലരും ഇടതുപക്ഷമുന്നണിയിലെ ഘടകകക്ഷി നേതാക്കളും ഇതേ അഭിപ്രായം പ്രകടിപ്പിച്ചിരുന്നുവെങ്കിലും ബുദ്ധദേവ് അത് സമ്മതിച്ചിരുന്നില്ല. സി.പി.എമ്മിനെയും ഭൂമി ഏറ്റെടുക്കലിനെയും എതിർത്ത പ്രതിയോഗികൾക്ക് അതേ നാണയത്തിൽ മറുപടി നൽകുകയാണ് നന്ദിഗ്രാമിൽ ചെയ്തത് എന്ന് ന്യായീകരിക്കുകയായിരുന്നു അദ്ദേഹം. ബുദ്ധദേവിന്റെ ഇപ്പോഴത്തെ കുറ്റസമ്മതത്തിനു പിന്നിൽ പോളിറ്റ് ബ്യൂറോവിന്റെ സമ്മർദമുണ്ടെന്ന് പറയപ്പെടുന്നു.

ഇന്ദിരാഗാന്ധിവധത്തെത്തുടർന്ന് കോൺഗ്രസ് പാർട്ടി ഇളക്കിവിട്ട സാമൂഹികവിരുദ്ധർ ദൽഹിയിലും ഗോധ്ര തീവണ്ടി ദുരന്തത്തിന്റെ മറവിൽ നരേന്ദ്രമോഡി ഇളക്കിവിട്ട രാക്ഷസീയ ഹിന്ദുത്വം ഗുജറാത്തിലും അഴിച്ചുവിട്ട നരമേധത്തെ ഓർമിപ്പിക്കുന്നതാണ് പശ്ചിമ ബംഗാൾ സർക്കാർ അഴിച്ചുവിട്ട സായുധരായ സി.പി.എം പ്രവർത്തകർ നന്ദിഗ്രാമിൽ നടത്തിയ സംഹാരതാണ്ഡവം. ഈ പ്രദേശം ഒരു ബഹുരാഷ്ട്ര കമ്പനിക്ക് 'സെസ്' സ്ഥാപിക്കുന്നതിനുവേണ്ടി വിട്ടുകൊടുക്കാൻ സർക്കാർ തീരുമാനിച്ചുവെങ്കിലും തലമുറകളായി തങ്ങൾ പാർത്തുവരുന്ന വീടും കൃഷിയിടവും ഒഴിഞ്ഞുകൊടുക്കാൻ ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും കൂലിവേലക്കാരുമടങ്ങുന്ന ഗ്രാമീണ സമൂഹം സമ്മതിച്ചില്ല. അതായിരുന്നു അവർ ചെയ്ത കുറ്റം. ഈ കുറ്റവാളികളെ ശിക്ഷിക്കാനും അവരുടെ ഭൂമി സെസ് മുതലാളിമാർക്ക് ഒഴിപ്പിച്ചുകൊടുക്കാനും സംസ്ഥാന സർക്കാർ സി.പി.എം പ്രവർത്തകരെ ആയുധമണിയിച്ചു പറഞ്ഞയക്കുകയായിരുന്നു. തുടർന്ന് നൂറോളംപേർ കൊല്ലപ്പെടുകയും 25000 പേർ ഭവനരഹിതരാവുകയും മൂന്ന് ഡസനോളം സ്ത്രീകൾ ബലാത്സംഗത്തിനിരയാവുകയും ചെയ്തുവെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ആൾ ഇന്ത്യാ കോൺഫെഡറേഷൻ ഓഫ് എസ്.സി/എസ്.ടി ചെയർമാൻ ഡോ. ഉദിത് രാജ് പറയുന്നത് അറുനൂറോളം മുസ്‌ലിംകളും ദലിതുകളും കൊല്ലപ്പെട്ടുവെന്നാണ്. തന്റെ സംഘടനയും ഇന്ത്യൻ ജസ്റ്റിസ് പാർട്ടിയുടെ ബംഗാൾ ശാഖയും നൽകിയ വിവരങ്ങളാണത്രെ അദ്ദേഹത്തിന്റെ റിപ്പോർട്ടിന്നാധാരം.

നന്ദിഗ്രാമിൽ അക്രമത്തിനിരയായവരിൽ 65 ശതമാനവും മുസ്‌ലിംകളാണെന്ന് ദേശീയ മനുഷ്യാവകാശ കമീഷൻ ചെയർമാൻ ജസ്റ്റിസ് രാജേന്ദ്ര ബാബു ആധികാരികമായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. അദ്ദേഹം ഗുജറാത്തിനോടാണ് നന്ദിഗ്രാമിനെ ഉപമിക്കുന്നത്. അനീതികൾ ഇനിയും സഹിക്കാൻ മുസ്‌ലിംകൾ തയാറല്ലെന്ന് കഴിഞ്ഞ 16-നു ബംഗാളിലെ 12 മുസ്‌ലിം സംഘടനകൾ ചേർന്ന് സർക്കാറിന് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ മുസ്‌ലിംസമുദായത്തിന് അർഹിക്കുന്ന വിഹിതം അനുവദിക്കണമെന്നും നന്ദിഗ്രാം സംഭവത്തിൽ കുറ്റവാളികളായവരെ പിടികൂടി ശിക്ഷിക്കണമെന്നും അവർ ഗവൺമെന്റിനോടാവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

ഇതിന്റെ തുടർച്ചയെന്നോണമാണ് കൊൽക്കത്തയിൽ വിവാദ എഴുത്തുകാരി തസ്‌ലീമ നസ്റീനെതിരായ പ്രതിഷേധം അണപൊട്ടിയത്. നവംബർ 21-ന് ആൾ ഇന്ത്യാ മൈനോറിറ്റി ഫോറം തസ്‌ലീമക്ക് ഇന്ത്യയിൽ വിസ അനുവദിക്കരുതെന്നാവശ്യപ്പെട്ട് മൂന്ന് മണിക്കൂർ ബന്ദ് ആചരിക്കുകയായിരുന്നു. അതിനോടനുബന്ധിച്ചു നടന്ന പ്രകടനത്തിൽ പങ്കെടുത്തവരും പോലീസും തമ്മിൽ ഏറ്റുമുട്ടി. ടിയർഗ്യാസ് പ്രയോഗവും ലാത്തിച്ചാർജും നടന്നു. നഗരത്തിലെ മൂന്ന് പ്രദേശങ്ങളിൽ കർഫ്യൂ പ്രഖ്യാപിച്ചു. സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കാൻ പട്ടാളത്തിന്റെ സഹായം തേടേണ്ടതായും വന്നു. സമാധാനപരമായി നടന്ന പ്രതിഷേധ പ്രകടനത്തിനിടയിൽ പുറത്തുനിന്നുള്ള സാമൂഹികവിരുദ്ധർ നുഴഞ്ഞുകയറി കുഴപ്പമുണ്ടാക്കുകയായിരുന്നുവെന്നാണ് മൈനോറിറ്റി ഫോറം പ്രസിഡന്റ് ഇദ്‌രീസ് അലിയുടെ ഭാഷ്യം. ബംഗാൾ ഗവൺമെന്റിന് തസ്‌ലീമയെ രായ്ക്കുരാമാനം ജയ്പൂരിലേക്ക് അയക്കേണ്ടിവന്നു. തസ്‌ലീമാ നസ്റീൻ ഒരു ബംഗ്ലാദേശ് എഴുത്തുകാരിയാണ്. ജന്മദേശത്തുനിന്ന് ബഹിഷ്കൃതയായ അവർ കുറേ കൊല്ലങ്ങളായി ഇന്ത്യൻ വിസ നേടി കൊൽക്കത്തയിലാണ് താമസം. എഴുത്തിന്റെ സൗന്ദര്യം കൊണ്ടോ ആശയഗരിമകൊണ്ടോ അല്ല അവർ പ്രസിദ്ധയായത്. പ്രത്യുത തന്റെ നോവലുകളിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നിന്ദിക്കുന്നതുകൊണ്ടാണ്. അത്തരമൊരു എഴുത്തുകാരിയെ ഇന്ത്യ ഏറ്റെടുക്കേണ്ടതുണ്ടായിരുന്നില്ല. ഏറ്റെടുത്ത സ്ഥിതിക്ക് തനിക്കഭയം നൽകിയ നാട്ടിൽ അസ്വാസ്ഥ്യമുണ്ടാക്കുന്ന ആവിഷ്കാരങ്ങളിൽനിന്ന് മാറിനിൽക്കാനുള്ള മര്യാദയെങ്കിലും അവർ പ്രകടിപ്പിക്കേണ്ടതായിരുന്നു. അതുമുണ്ടായില്ല. ഇങ്ങനെയുള്ള ഒരു സ്ത്രീയെ ജനസംഖ്യയിൽ നാലിലൊന്നിലേറെ മുസ്‌ലിംകളുള്ള പശ്ചിമബംഗാളിൽ ആതിഥ്യമരുളിയതുതന്നെ സംസ്ഥാന ഗവൺമെന്റിന് മുസ്‌ലിംകളോടുള്ള അവഗണനയുടെ സൂചകമാണ്.

കഴിഞ്ഞ മുപ്പതുകൊല്ലമായി മുസ്‌ലിംകളുടെ അരക്ഷിതബോധത്തെ ചൂഷണം ചെയ്യുകയാണ് പശ്ചിമബംഗാളിലെ ഇടതുപക്ഷ ഗവൺമെന്റ്. അവർ മുസ്‌ലിംകൾക്ക് ഹിന്ദുത്വശക്തികളുടെ ആക്രമണങ്ങളിൽനിന് സുരക്ഷിതത്വം വാഗ്ദാനം ചെയ്തു. ഈയൊരു വാഗ്ദാനത്തിന്റെ പുറത്ത് സംസ്ഥാനത്തെ 25 ശതമാനം ജനങ്ങളുടെ വോട്ട് തങ്ങൾക്ക് ഉറപ്പാക്കുകയായിരുന്നു അവർ. അതിനപ്പുറം മുസ്‌ലിംകളനുഭവിക്കുന്ന കൊടിയ ദാരിദ്ര്യവും നിരക്ഷരതയും സർക്കാർ-അർധസർക്കാർ മേഖലകളിലെ പ്രാതിനിധ്യമില്ലായ്മയും ക്രൂരമായി അവഗണിക്കപ്പെട്ടു. ബംഗാൾ മുസ്‌ലിംകളുടെ അധഃസ്ഥിതി ദലിതരുടേതിനേക്കാൾ ശോചനീയമായതങ്ങനെയാണ്.

ബുദ്ധദേവിന്റെ കുറ്റസമ്മതം നന്ദിഗ്രാം സംഭവത്തിലൊതുങ്ങേണ്ടതല്ല. ബംഗാളിലെ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്നങ്ങളാകമാനം കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹത്തിനും മുൻഗാമികൾക്കും ഗുരുതരമായ തെറ്റുപറ്റിയിരിക്കുന്നു. ആ തെറ്റുകൾ കാണാനും തിരുത്താനും ഇനിയെങ്കിലും സർക്കാർ തയാറാകണം. ബുദ്ധദേവിനും സംഘത്തിനും കാലത്തിന്റെ ചുവരെഴുത്ത് വായിക്കാൻ കഴിയുന്നില്ലെങ്കിൽ ബംഗാളിലെ ഇടതുപക്ഷ വാഴ്ച അസ്തമിക്കാൻ ഏറെ നാൾ വേണ്ടിവരില്ല. നന്ദിഗ്രാം സംഭവം മുസ്‌ലിംകളിൽ നേരിയ ചലനമുണ്ടാക്കിയതിന്റെ ലക്ഷണങ്ങളുണ്ട്. തസ്‌ലീമ നസ്റീൻ തന്റെ പുസ്തകത്തിലെ വിവാദ പരാമർശങ്ങൾ പിൻവലിക്കാൻ തയാറായതും ശ്രദ്ധേയമാണ്. നന്ദിഗ്രാമിന്റെ നെടുവീർപ്പിനെ പുതിയൊരു പ്രയാണത്തിന്റെ ഭാസുരമായ ഭാവിയുടെ തുടക്കമാക്കി മാറ്റാൻ കഴിയുന്ന നേതൃത്വം മുസ്‌ലിംകൾക്കുണ്ടോ എന്നതാണ് ഇപ്പോൾ പ്രസക്തമായ ചോദ്യം. അതുണ്ടെങ്കിൽ നന്ദിഗ്രാമിൽ ചിന്തിയ ചോര പാഴായിപ്പോയിട്ടില്ലെന്ന് നമുക്കാശ്വസിക്കാം. ■